സംഭരണ കേന്ദ്രങ്ങളുടെ വാടക, തൊഴിലാളികളുടെ വേതനം, കയറ്റിറക്കു കൂലി, ട്രാൻസ്പോർട്ടേഷൻ, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ മുതലായ മറ്റു ചെലവുകൾക്കായി കിറ്റിലെ സാധനങ്ങളുടെ വിലയുടെ 10 ശതമാനമായ 51.25 രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) എല്ലാ മാസവും ഭക്ഷ്യക്കിറ്റ് നൽകുന്നത് പരിഗണനയിലുണ്ടോ?

നിലവിൽ 2021-ലെ ഓണത്തോടനുബന്ധിച്ച് ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും സ്പെഷ്യൽ കിറ്റ് നല്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിൽ ഭക്ഷ്യക്കിറ്റ് നല്കുന്ന കാര്യം പരിഗണിച്ചിട്ടില്ല.

**ഭക്ഷ്യക്കിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന സാധനങ്ങൾ**

302 (3330) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഭക്ഷ്യക്കിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന സാധനങ്ങളുടെ ഇനം തിരിച്ചുള്ള എണ്ണവും അളവും വിലയും എത്രയെന്ന് വെളിപ്പെടുത്താമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു*

(ബി) ശബരി ബ്രാൻഡിൽ ലഭ്യമായതും എന്നാൽ ഭക്ഷ്യകിറ്റിൽ ഉൾപ്പെടുത്താത്തതുമായ സാധനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ശബരി ബ്രാൻഡിൽ ലഭ്യമായതും എന്നാൽ ഭക്ഷ്യക്കിറ്റിൽ ഉൾപ്പെടുത്താത്തതുമായ സാധനങ്ങൾ ആട്ട, പുളി, നോട്ട് ബുക്ക്, ഏലം, ജീരകം, കടുക്, പെരുംജീരകം, കുരുമുളക്, കാപ്പിപൊടി, കാശ്മീരി മുളക്പൊടി, ചിക്കൻ മസാല, മീറ്റ് മസാല, ഫിഷ് മസാല, രസംപൊടി എന്നിവയാണ്.

(സി) ശബരി ബ്രാൻഡിലെ ഉല്പന്നങ്ങൾക്ക് പകരം കിറ്റിൽ ലഭ്യമാക്കുന്ന മറ്റ് കമ്പനികളുടെ സാധനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ; പ്രസ്തുത കമ്പനികളുടെ ഉല്പന്നങ്ങൾ ശബരി ബ്രാൻഡിന് പകരം നൽകാനുള്ള കാരണങ്ങൾ വിശദമാക്കാമോ?

സൗജന്യ ഓണക്കിറ്റിൽ ശബരി ഉത്പന്നങ്ങൾക്ക് പകരമായി മറ്റു കമ്പനികളുടെ ഉത്പന്നങ്ങൾ ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടില്ല. സൗജന്യ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ശബരി ഉൽപ്പന്നങ്ങൾക്ക് പകരമായി മറ്റ് കമ്പനികളുടെ ഉൽപ്പന്നങ്ങൾ ഇ-ടെണ്ടർ മുഖേന വാങ്ങിയിട്ടില്ല.

(ഡി) സപ്ലൈകോയുടെ സ്വന്തം ഉല്പന്നമായ ശബരി വെളിച്ചെണ്ണയ്ക്ക് പകരം സ്വകാര്യ കമ്പനികളുടെ തവിടെണ്ണ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

(ഇ) ഇത്തരം സ്വകാര്യ കമ്പനികളുടെ തവിടെണ്ണയുടെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(എഫ്) ഇത്തരം കമ്പനികളുടെ തവിടെണ്ണ ഉൾപ്പെടുത്തുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ടെണ്ടറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഡി-എഫ്) സൗജന്യ ഓണക്കിറ്റിൽ ശബരി വെളിച്ചെണ്ണ ഉൾപ്പെടുത്തുവാനാണ് നിർദ്ദേശം നല്കിയിട്ടുള്ളത്. ശബരി വെളിച്ചെണ്ണയ്ക്ക് പകരം തവിടെണ്ണ ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടില്ല.

(ജി) ഓണത്തിന് നൽകുന്ന കിറ്റിൽ ശബരി വെളിച്ചെണ്ണ തന്നെ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഓണത്തിന് നൽകുന്ന കിറ്റിൽ ഉൾപ്പെടുത്തുന്നതിന് ശബരി വെളിച്ചെണ്ണയ്ക്ക് പർച്ചേസ് ഓർഡർ നല്കിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കേരഫെഡ്, കേരള നാളികേര വികസന കോർപ്പറേഷൻ, കൺസ്യൂമർഫെഡ് എന്നീ സ്ഥാപനങ്ങൾക്കും ഓർഡർ നൽകിയിട്ടുണ്ട്.

**പട്ടികജാതി കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തൽ**

303 (3331) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഘടിത മേഖലയിൽ ജോലിയുള്ളവർ ഒഴികെയുള്ള മുഴുവൻ പട്ടികജാതി കുടുംബങ്ങളെയും ബി.പി.എൽ. ആയി കണക്കാക്കി റേഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) ഏറ്റവും അർഹരായ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്ത പരമ്പരാഗത/

LIBRARY ARCHIVES Kerala Legislative Assembly